**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2296** **21-06-2024 - ൽ മറുപടിയ്ക്ക്**

**തെളിനീരൊഴുകും കേരളം ക്യാമ്പയിന്റെ ഉദ്ദേശലക്ഷ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിലേക്കായി മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ഹോട്ടലുകൾ, കച്ചവട സ്ഥാപനങ്ങൾ, കമ്മ്യൂണിറ്റി സെന്ററുകൾ തുടങ്ങി ബൾക്ക് വേസ്റ്റ് ജനറേറ്റേർസ്, മറ്റ് ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്വന്തം നിലയിലോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പ്രകാരമോ അവരവരുടെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ (Insitu waste management system) സ്ഥാപിക്കുന്നതിന് ഉത്തരവാകുകയും, ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉത്പ്പന്നങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനാവശ്യമായ ഐ.ഇ.സി. പ്രവർത്തനങ്ങളും, കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ബദൽ ഉത്പ്പന്ന മേളകളും സംഘടിപ്പിച്ചിട്ടുള്ളതാണ്. അജൈവ മാലിന്യ ശേഖരണ, സംഭരണ സംവിധാനത്തിനായി എം.സി.എഫ്.കളും, ആർ.ആർ.എഫ്.കളും സ്ഥാപിച്ചിട്ടുണ്ട്. ഖരമാലിന്യ പരിപാലന ചട്ടം 2016 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി പിഴ ഈടാക്കുന്നതിലേക്കും, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിനും ജില്ലാ തലത്തിൽ പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനം പ്രവർത്തിച്ചു വരുന്നു. നിലവിൽ വിവിധ ജില്ലകളിലായുള്ള ഡംപ് സൈറ്റുകളിലെ ലെഗസി മാലിന്യം നീക്കം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ സ്വന്തം നിലയിലും കെ.എസ്.ഡബ്ല്യു.എം..പി പദ്ധതിയിലൂടെയും ബയോ മൈനിംഗ് നടപ്പിലാക്കി വരുന്നു. സി&ഡി വേസ്റ്റ് മാനേജ്മെന്റ് ഗൈഡ് ലൈൻസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിൽ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ സി & ഡി സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ എടയാർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സി&ഡി പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് നടത്തിയ തെളിനീരൊഴുകും കേരളം ക്യാമ്പയിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) | **സംസ്ഥാനത്തെ മുഴുവൻ ജലാശയങ്ങളേയും മാലിന്യമുക്തമായും വൃത്തിയായും സംരക്ഷിക്കുക എന്നതാണ് തെളിനീരൊഴുകും നവകേരളം ക്യാമ്പയിന്റെ മുഖ്യ ലക്ഷ്യം.**<br><br>**ക്യാമ്പയിന്റെ ഉപലക്ഷ്യങ്ങൾ**<br><br>**സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ജലാശയങ്ങളുടെ ശുചിത്വ അവസ്ഥ പരിശോധിച്ച് മലിനീകരിക്കപ്പെട്ടിട്ടുള്ള ഇടങ്ങൾ കണ്ടെത്തുക.**<br><br>**പ്രധാനമായും നീർച്ചാലുകൾ, തോടുകൾ, കുളങ്ങൾ തുടർന്ന് വലിയ ജലാശയങ്ങൾ എന്നിവിടങ്ങളിലെ മലിനീകാരികളായ ഉറവിടങ്ങളെ ജനകീയ പങ്കാളിത്തത്തോടെ കണ്ടെത്തി പട്ടിക തയ്യാറാക്കുക.**<br><br>**ആയതിനെ അടിസ്ഥാനമാക്കി ഗുരുതര മലിനീകരണം നേരിടുന്ന ഉറവിടങ്ങളിൽ നിന്നുള്ള സാമ്പിളുകൾ പ്രാഥമിക ജലഗുണനിലവാര പരിശോധനക്ക് വിധേയമാക്കി മലിനീകരണ തോത് നിർണ്ണയിക്കുക.**<br><br>**മലിനീകരണം കണ്ടെത്തിയ ഇടങ്ങൾ ജനകീയ ശുചീകരണ യജ്ഞത്തിലൂടെ വൃത്തിയാക്കുക.**<br><br>**മലിനീകാരികളായ ഉറവിടങ്ങളെ നിർത്തലാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെ നടപടി സ്വീകരിച്ച് അത്തരം ഇടങ്ങളിൽ ശാസ്ത്രീയ ബദൽ സംവിധാനം ഒരുക്കുക.**<br><br>**മലിനീകാരികളായ ഉറവിടങ്ങൾ മുഖേനയുള്ള മാലിന്യ നിക്ഷേപം തടയുന്നതിനും അത്തരം ഉറവിടങ്ങളിലെ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനതല കർമ്മ പദ്ധതി രൂപീകരണം.** |

| | | | |
|---|---|---|---|
| | | | **കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുബന്ധ ഏജൻസികളുടെ സഹകരണത്തിൽ വിവിധ വകുപ്പുകളുടെ പദ്ധതി സംയോജനത്തിലൂടെയും, ജനകീയ പങ്കാളിത്തത്തോടെയും ശാസ്ത്രീയ ഖര-ദ്രവ മാലിന്യ പദ്ധതികൾ ആസൂത്രണം ചെയ്യുക.**<br><br>**ഗാർഹിക-സ്ഥാപന-പൊതുതലങ്ങളിൽ ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കി സുസ്ഥിരത കൈവരിക്കുക, ഖരമാലിന്യത്തോടൊപ്പം ദ്രവമാലിന്യ പരിപാലന സംവിധാനങ്ങളുമൊരുക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കുന്നതിന് പ്രാപ്തമാക്കുക.** |
| (സി) | സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | 13-11-2023 തീയതിയിലെ സ.ഉ.(കൈ) നം. 198/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ചുവടെ പറയും പ്രകാരമുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ നിർമിതികളിലും യന്ത്ര സംവിധാനങ്ങളിലും ഇനിയും അവശേഷിക്കുന്ന പരിമിതികളും കുറവുകളും പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും സി&ഡി വേസ്റ്റ്, സാനിറ്ററി മാലിന്യം, അപകടകരമായ ഇ-മാലിന്യങ്ങൾ, ഗാർഹിക മെഡിക്കൽ മാലിന്യം എന്നിവയ്ക്ക് പരിഹാരം കാണുന്നതിനും കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള പ്രോജക്ടുകൾ, ഓരോ വാർഡിലും ഉണ്ടാകുന്ന അജൈവ മാലിന്യങ്ങളുടെ അളവിനനുസരിച്ച് ചെറു അജൈവ മാലിന്യ സംഭരണികൾ (Mini MCF) നിർമ്മിക്കേണ്ടതിനുള്ള പ്രോജക്ടുകൾ, ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ഉണ്ടാകുന്ന അജൈവ മാലിന്യത്തിന്റെ അളവ് കൈകാര്യം ചെയ്യാനുള്ള സൗകര്യം നിലവിലുള്ള MCF/RRFകൾക്ക് ഇല്ലെങ്കിൽ, നിലവിൽ സ്ഥലം ലഭ്യമാണെങ്കിൽ നിലവിലുള്ളത് വിപുലപ്പെടുത്തുന്നതിനും, ഇല്ലെങ്കിൽ സ്ഥലം കണ്ടെത്തി അധികമായി ഒന്നോ അതിലധികമോ നിർമ്മിക്കുന്നതിനുമുള്ള പ്രോജക്ടുകൾ, നിലവിലുള്ള MCF/RRF ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യം, തരം തിരിക്കുന്നതിനുള്ള കൺവെയർ ബെൽറ്റ്, ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ വാഹനം, |

| | | | |
|---|---|---|---|
| | | | സുരക്ഷാ ഉപാധികൾ, യൂണിഫോം, പാഴ് വസ്തുക്കൾ സംഭരിക്കുന്നതിനാവശ്യമായ ബാഗ്/ചാക്ക് തുടങ്ങിയവ നൽകുന്നതിനുള്ള പ്രോജക്ടുകൾ, പൊതു ശുചീകരണത്തിന്റെ ഭാഗമായി മാലിന്യ കൂനകൾ, ഡംപ് സൈറ്റുകൾ എന്നിവ വൃത്തിയാക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ, എല്ലാ നഗരഭരണ സ്ഥാപനങ്ങളിലും സാനിറ്ററി മാലിന്യ സംസ്കരണത്തിനുള്ള പ്ലാന്റ്, പൊതു ശുചിത്വ - മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നടത്തിപ്പിനുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) പ്രോജക്ടുകൾ, ഗാർഹിക/സ്ഥാപനതലത്തിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികളിലൂടെ ഉല്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം ഗുണനിലവാരം ഉറപ്പാക്കിയ ശേഷം വില നൽകി തിരികെ എടുത്ത് സമ്പുഷ്ടീകരണം നടത്തി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ കാർഷിക പ്രോജക്ടിന്റെ ഭാഗമായി കർഷകർക്ക് നൽകുന്ന പ്രോജക്ട്, ഡ്രയ്നേജ്, മാൻഹോൾ എന്നിവയുടെ ക്ലീനിംഗ്, ഡിസ്ലഡ്ജിങ് തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് സംരക്ഷണ ഉപാധികൾ (Protective gears) ലഭ്യമാക്കുന്ന പ്രൊജക്റ്റ്, ദ്രവ മാലിന്യ ശുചീകരണ പ്രവർത്തനങ്ങൾ "no touch" ആക്കാൻ ഉതകുന്ന മെഷീനുകൾ വാങ്ങുക, കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് (FSTP) നിർമ്മാണത്തിനുള്ള ഭൂമി വാങ്ങൽ, പ്ലാന്റ് നിർമ്മാണം എന്നിവയ്ക്കായി പ്രോജക്ടുകൾ തദ്ദേശ സ്ഥാപനങ്ങളുടെ ആവശ്യകതക്കനുസരിച്ച് എറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ